പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1452

14-06-2013 – ൽ മറുപടിയ്ക്ക്

## കർഷകസേവാ കേന്ദ്രങ്ങൾ

| ചോദ്യം<br>ശ്രീ. ഇ.കെ. വിജയൻ | | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും ,അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കർഷകസേവാ കേന്ദ്രങ്ങളിലൂടെ എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നത് ; വിശദാംശം നൽകുമോ; | (എ) | കർഷക സേവാ കേന്ദ്രങ്ങളിലൂടെ താഴെപ്പറയുന്ന സേവനങ്ങൾ ലഭ്യമാക്കും.<br>1. കൃഷി ലാഭകരമാക്കുന്നതിന് ആവശ്യമായ വിവിധ സേവനങ്ങൾ, നടീൽ വസ്തുക്കൾ, മറ്റ് ഉത്പാദന ഉപാധികൾ എന്നിവ ഒരു കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കും. തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിന് കാർഷിക യന്ത്രങ്ങൾ, ഉപകരണങ്ങൾ എന്നിവ കർഷകർക്ക് ലഭ്യമാക്കുന്നു.<br>2. ഫാം ക്ലിനിക്കുകൾ വഴി മണ്ണ്, രോഗ കീടങ്ങൾ എന്നിവ പരിശോധിച്ച് പ്രശ്നം പരിഹരിക്കുന്നു.<br>3. കാർഷിക വായ്പ, വിലനിലവാരം, വിപണനം, കാലാവസ്ഥാ വ്യതിയാനം, എന്നിവ സംബന്ധിച്ച വിവരങ്ങളും വിവിധ സാങ്കേതിക ഉപദേശങ്ങളും ലഭ്യമാക്കും.<br>4. കർഷകർക്ക് ആവശ്യമായ യന്ത്ര സാമഗ്രികൾ വാടകയ്ക്ക് നൽകും. യന്ത്രങ്ങൾക്ക് റിപ്പയർ ജോലികളും ചെയ്തുകൊടുക്കും. കേന്ദ്രത്തിൽ നിന്നും കർമ്മസേനയുടെ സേവനവും ലഭിക്കും. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | എല്ലാ ഗ്രാമപഞ്ചായത്തു കളിലും ഈ സേവനം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ? | (സി) | എല്ലാ ഗ്രാമപഞ്ചായത്തുകളിലും കാർഷിക കർമ്മസേന രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കർഷക സേവന കേന്ദ്രങ്ങൾ തിരഞ്ഞെടുത്ത കേന്ദ്രങ്ങളി ലാണ് ആരംഭിക്കുന്നത്. |

സെക്ഷൻ ഓഫീസർ